# കാരുണികൻ

Vol.18 No. 02 Feb. 2021

സമഗ്ര ദൈവശാസ്ത്ര മാസിക




## വചനബോധി
## ലത്തീൻ

# വചനബോധി
## ലത്തീൻ

പത്രാധിപസമിതി
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ. ലോറൻസ് കുലാസ്
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

ഉള്ളടക്കം

**മാർച്ച് 07 — തപസ്സുകാലം 3-ാം ഞായർ**
**Page : 69**
പുറ 20:1–17; 1 കോറി 1:22–25; യോഹ 2:13–25
- ഡോ. ലോറൻസ് കുലാസ്
- ഫാ. സിബി തൈപ്പറമ്പിൽ

**മാർച്ച് 14 — തപസ്സുകാലം 4-ാം ഞായർ**
**Page : 74**
2 ദിന 36:14–16,19–23; എഫേ 2:4–10; യോഹ 3:14–21
- ഡോ. ലോറൻസ് കുലാസ്
- ഫാ. ജോൺ ക്യാപ്പിസ്റ്റൺ ലോപ്പസ്

**മാർച്ച് 19 — യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**
**Page : 80**
- ഡോ. ജോസഫ് കോണിക്കൽ MCBS

**മാർച്ച് 21 — തപസ്സുകാലം 5-ാം ഞായർ**
**Page : 83**
ജറെ 31:31–34; ഹെബ്രാ 5:7–9; യോഹ 12:20–33
- ഡോ. ലോറൻസ് കുലാസ്
- ഫാ. ജോൺസൺ തൗണ്ടയിൽ

**മാർച്ച് 28 — ഓശാന ഞായർ**
**Page : 89**
- ഡോ. ജോർജ് അയ്യനേത്ത് OIC

# മാർച്ച് 07
# തപസ്സുകാലം 3–ാം ഞായർ

## ഭാഷ്യം

### പുറ 20:1-17; 1 കോറി 1:22-25; യോഹ 2:13-25

### സന്ദർഭം

യേശുവിന്റെ ശുശ്രൂഷയ്ക്ക് ഒന്നാം അധ്യായത്തിൽ ഒരു മുഖവുര നല്കിക്കൊണ്ടാണ് നാലാം സുവിശേഷകൻ തന്റെ രചന ആരംഭിക്കുന്നത്. ഈ മുഖവുരയിൽ മൂന്ന് കാര്യങ്ങൾ വായനക്കാരന്റെ ശ്രദ്ധയിൽപ്പെടുന്നുണ്ട്: 1) **സുവിശേഷത്തിനൊരാമുഖം** (1:1–18); 2) **യോഹന്നാൻ നല്കുന്ന സാക്ഷ്യം** (1:19–34); 3) **ആദ്യ ശിഷ്യന്മാർ** (1: 35–51). രചനയുടെ രണ്ടാം പാദമായ 2 മുതൽ 5 വരെ അധ്യായങ്ങളിൽ യേശുവിന്റെ വാക്കിലും പ്രവൃത്തിയിലുമുള്ള മഹാകാര്യങ്ങൾ, കാനായിലെ വെള്ളം വീഞ്ഞാക്കുന്ന അടയാളം മുതൽ (2:1–12) സാബത്തിൽ രോഗശാന്തി നല്കുന്നതുവരെ (5:1–47) ഉൾപ്പെടുത്തിയിരിക്കുന്നു. അവയിലൊന്നാണ് ദൈവാലയം ശുദ്ധീകരിക്കുന്ന യേശുവിന്റെ വിപ്ലവാത്മകമായ പ്രവൃത്തി. ഇത് സംഭവിക്കുന്നതാകട്ടെ പുരോഹിത മേധാവിത്വം നിലനില്ക്കുന്ന ജറുസലെമിലാണ്.

### സാരം

1. നാല് സുവിശേഷങ്ങളിലും ദൈവാലയ ശുദ്ധീകരണസംഭവം വിവരിക്കുന്നുണ്ട്. (മത്താ 21:12–13; മർക്കോ 11:15–19; ലൂക്കാ 19:45–48; യോഹ 2:13–22). സമാന്തരസുവിശേഷങ്ങളിൽ യേശുവിന്റെ പീഡാനുഭവവുമായി ബന്ധപ്പെട്ട് ഈ സംഭവം അരങ്ങേറുമ്പോൾ നാലാം സുവിശേഷത്തിൽ യേശുവിന്റെ ശുശ്രൂഷയുടെ ആദ്യഘട്ടത്തിലാണ് ഈ സംഭവം രേഖപ്പെടുത്തിയിട്ടുള്ളത്. സമാന്തരസുവിശേഷ പാരമ്പര്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ് കൂടുതൽ കാലാനുസൃതമായി (chronologically) വിശ്വസനീയമായത്. കാരണം, യേശുവിന്റെ

ശുശ്രൂഷയുടെ പ്രാരംഭഘട്ടത്തിലാണ് ഈ സംഭവം നടന്നിരുന്നതെങ്കിൽ യഹൂദപ്രമാണികൾ യേശുവിന്റെ ശുശ്രൂഷയുടെ അവസാനം വരെ സഹിഷ്ണുതയോടെ കാത്തുനില്ക്കുമായിരുന്നില്ല. നാലാം സുവിശേഷകനെ സംബന്ധിച്ചിടത്തോളം ദൈവാലയശുദ്ധീകരണം ഒരു പ്രതീകാത്മക പ്രവൃത്തിയായി നിലകൊള്ളുന്നതിലാവണം യേശുവിന്റെ ശുശ്രൂഷയുടെ ആദ്യഘട്ടത്തിൽതന്നെ ഈ സംഭവത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കാനായിൽ യേശു പ്രവർത്തിച്ച അടയാളം (2:1–12) യേശു നല്കാൻ ആഗ്രഹിക്കുന്ന സമൃദ്ധമായ ദൈവികജീവന്റെ കൃപയുടെ മഹത്ത്വത്തിന്റെയും പ്രാരംഭമായി നിലകൊള്ളുന്നു. സമൃദ്ധമായ ദൈവികജീവന്റെ ഒഴുക്കിന് വിഘാതമായി നില്ക്കുന്ന എല്ലാ അശുദ്ധിയുടെയും നിർമാർജനത്തിന്റെ പ്രതീകമായി ദൈവാലയശുദ്ധീകരണപ്രവൃത്തി നിലകൊള്ളുന്നു. അപ്രകാരം, കാനായിലെ അടയാളത്തിന്റെ പൂർത്തീകരണമാണ് ദൈവാലയശുദ്ധീകരണം.

2. ദൈവാലയത്തിലെ യേശുവിന്റെ പ്രവൃത്തികൾ ഗ്രീക്ക് മൂലഭാഷയിൽ സങ്കീർണമായ ഒറ്റ വാക്യത്തിലാണ് വിവരിച്ചിട്ടുള്ളത് (2:14–17). യേശുവിന്റെ പ്രവൃത്തികളുടെ തീവ്രതയും ചടുലതയും വായനക്കാരിൽ ഉളവാക്കുകയെന്ന ലക്ഷ്യമാണ് ഇതിന്റെ പിന്നിലുള്ളത്. കാള, ആട്, പ്രാവ്, എന്നിവ ദൈവാലയത്തിൽ ബലി അർപ്പിക്കാൻ ആവശ്യമായി വരുന്നവയാണ് (ലേവ്യർ1,3 അധ്യായങ്ങൾ). പെസഹാതിരുന്നാൾ തീർത്ഥാടകരുടെ ഉത്സവം ആയിരുന്നതിനാൽ ധാരാളം പേർ ഏറെ ദൂരത്തുനിന്ന് ജറുസലെമിലേയ്ക്ക് എത്തിയിരുന്നു. സുദീർഘമായ ഈ യാത്രാവേളയിൽ മൃഗങ്ങളെയോ പക്ഷികളെയോ അവർ കൂടെ കൂട്ടിയിരിക്കില്ല. ആയതിനാൽ, ബലി അർപ്പണത്തിൽ പങ്കുചേരാൻ ബലി മൃഗങ്ങളെയും പക്ഷികളെയും ദൈവാലയത്തിനകത്തുതന്നെ ലഭ്യമാക്കിയിരുന്നു. തീർത്ഥാടകർ കൈവശംവയ്ക്കുന്ന വിദേശനാണയങ്ങളിൽ ചക്രവർത്തിയുടെ രൂപം മുദ്രണം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ (മത്താ 22:15–22 കാണുക) ദൈവാലയ നികുതിയ്ക്ക് അവ സ്വീകാര്യമായിരുന്നില്ല. ആയതിനാൽ തങ്ങളുടെ പക്കലുള്ള വിദേശനാണയങ്ങൾ ദൈവാലയനികുതി അടയ്ക്കാൻ സ്വീകാര്യമായ നാണയങ്ങൾക്കായി (Tyrian Currency) ദൈവാലയത്തിനകത്ത് വിനിമയം നടത്തിയിരുന്നു. ഈ പശ്ചാത്തലം യേശുവിന്റെ ക്രോധത്തിന് വിധേയമായി. കാരണം പവിത്രമായ തന്റെ പിതാവിന്റെ ആലയം കച്ചവടകേന്ദ്രമായി അധഃപതിച്ചുപോയിരിക്കുന്നു (2:16)!

3. യേശുവിന്റെ പീഡാനുഭവത്തിന് മുന്നോടിയായി നടക്കുന്ന വിചാരണവേളയിൽ സന്നിഹിതരാകുന്ന യഹൂദപ്രമാണികളുടെയും അവർ ഉന്നയിക്കുന്ന ചോദ്യങ്ങളുടെയും പ്രതീകമായി ഈ സന്ദർഭത്തിലെ യഹൂദപ്രമാണികളും അവരുടെ ചോദ്യവും നിലകൊള്ളുന്നു. യേശു നല്കുന്ന അടയാളം ദൈവാലയം നശിപ്പിക്കുന്നതിനെക്കുറിച്ചും അതു പുനരുദ്ധരിക്കുന്നതിനെക്കുറിച്ചുമാണ് (2:19). എന്നാൽ യഹൂദർ യേശുവിന്റെ മറുപടിയെ പുച്ഛത്തോടെ കാണുന്നു (2:20). കാരണം ദൈവാലയം പുതുക്കി പണിയാൻ 46 വർഷത്തോളമെടുത്തുവെന്ന് യഹൂദർക്കറിയാം. ഹേറോദേസ് ചക്രവർത്തി യുടെ കാലത്ത് ഏകദേശം ബി.സി 19-ാം നൂറ്റാണ്ടിലാണ് ദൈവാലയത്തിന്റെ പുനർനിർമാണം ആരംഭിക്കുന്നത്. യഹൂദരും യേശുവും തമ്മിലുള്ള സംവാദം നടക്കുന്നത് ഏ.ഡി 27-ാം ആണ്ടിലാണ്; യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ. അതുകൊണ്ട് 46 സംവത്സരം എന്നത് ചരിത്രത്തോട് ചേർന്നു നില്ക്കുന്നു. എന്നാൽ യേശുവിന്റെ പ്രസ്താവനയിലുള്ള അന്തരാർത്ഥം അവർ ഗ്രഹിക്കുന്നില്ല. ദൈവാലയം എന്നതുകൊണ്ട് യേശു അർത്ഥമാക്കുന്നത് തന്റെതന്നെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ് (2:21). ഈ ആലയത്തിന്റെ നശിപ്പിക്കലും അതിന്റെ പുനരുദ്ധാരണവും യേശുവിന്റെതന്നെ മരണവും ഉത്ഥാനവുമായി സുവിശേഷകൻ ബന്ധിപ്പിക്കാൻ ഉദ്യമിക്കുന്നു. കാരണം ദൈവാലയ 'പുനരുദ്ധാരണ'ത്തിനും യേശുവിന്റെ 'ഉത്ഥാനത്തി'നും (യോഹ 2:22;5:21: 14) സുവിശേഷകൻ ഗ്രീക്ക് ഭാഷയിൽ നല് കുന്ന പദം (egeiro) ഒന്നുതന്നെയാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം ദൈവാലയം ദൈവത്തിന്റെ വാസസ്ഥലമാണെങ്കിൽ ആ സ്ഥാനത്ത് യേശുവിന്റെ ശരീരം ദൈവത്തിന്റെ വാസസ്ഥലമായി രൂപംകൊള്ളുന്നു.

4. ഒന്നാം വായനയിൽ ദൈവം ഇസ്രായേൽ ജനതയ്ക്ക് സീനായ് മലമുകളിൽവച്ച് മോശവഴി നല്കുന്ന പത്ത് കല്പനകളുടെ വിവരണമാണ് ലഭിക്കുന്നത്. കാരണം ഈജിപ്തിലെ അടിമത്തം ദൈവഹിതത്തിനെതിരായ ജീവിതകാലമായിരുന്നു. അത്തരമൊരു ദുരനുഭവത്തിന് വീണ്ടും ഇടയാകാതിരിക്കാനാണ് ദൈവം 10 കല്പനകൾ നല്കുന്നത്. സീനായ് ഉടമ്പടിയിലൂടെ ഇസ്രായേൽ ജനത ദൈവത്തിന്റെ സ്വന്തം ജനതയും ദൈവം അവരുടെ ദൈവവുമായി. ഇസ്രായേലുമായി ദൈവം ഈ ഉടമ്പടിവഴി ഒരു സവിശേഷബന്ധം സ്ഥാപിക്കുകയും ദൈവത്തോടുള്ള പ്രതിജ്ഞാബദ്ധത കല്പനക

ളുടെ അനുസരണത്തിലൂടെ പ്രത്യുത്തരമായി ആവശ്യപ്പെടുകയും ചെയ്യുന്നു. മനുഷ്യജീവന്റെ സമൃദ്ധിയും സ്വാതന്ത്ര്യവും ദൈവവുമായുള്ള നിരന്തരബന്ധത്തിലാണെന്നുള്ളതിന്റെ ഓർമപ്പെടുത്തലുകൾ ഈ ഉടമ്പടിയിലും കല്പനകളിലുമുണ്ട്.

## സന്ദേശം

ദൈവാലയത്തിൽ അമൂല്യമായത് ദൈവംതന്നെയാണ്. ആ സ്ഥാനം കച്ചടവസ്തുക്കൾക്ക് നല്കുന്നത് ദൈവാലയത്തിന്റെ സത്തയ്ക്ക് നിരക്കുന്നതല്ല. അപരിമേയനായ ദൈവത്തിന് പകരമായി പരിമിതമായ ബലിവസ്തുക്കൾ - ആട്, പ്രാവ്, കാള - വിനിമയവസ്തുക്കൾ - നാണയങ്ങൾ - ദൈവാലയത്തിനകത്ത് പ്രതിഷ്ഠിക്കപ്പെടുമ്പോൾ ദൈവത്തിന്റെ സ്ഥാനം അപ്രസക്തമാകുന്നു. ദൈവം ഇസ്രായേൽ ജനതയ്ക്ക് നല്കിയ 10 കല്പനകളിൽ പ്രഥമ കല്പന "നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്" (പുറ 20:3-6; നിയ 5:7-10) എന്നാണ്. ഇത് ദൈവത്തിന് പ്രഥമസ്ഥാനം നല്കുകയെന്ന വസ്തുത ഉയർത്തിപ്പിടിക്കുന്നു. അപരിമേയനും അത്യുന്നതനുമായ ദൈവത്തെ മനുഷ്യനിർമിത പ്രതിമകൾ, വിഗ്രഹങ്ങൾ തുടങ്ങിയ ഒന്നിനും പരിമിതപ്പെടുത്താനോ വെളിപ്പെടുത്താനോ കഴിയുകയില്ല. ദൈവാലയത്തിലും മനുഷ്യഹൃദയത്തിലും പ്രമുഖസ്ഥാനം ദൈവത്തിനാണെന്നുള്ള ഓർമപ്പെടുത്തലാണ് ഇവിടെ ലഭിക്കുന്നത്.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## ഹൃദയം ദൈവാലയം

യേശു ദൈവാലയം ശുദ്ധീകരിക്കുന്ന വചനഭാഗമാണ് നാമിന്ന് വിചിന്തനം ചെയ്യുന്നത്. വചനം പറയുന്നു: "കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയും ദൈവാലയത്തിൽ അവൻ കണ്ടു"(യോഹ 2:14-15). ഇവരെയാണ് അവിടുന്ന് പുറത്താക്കുന്നത്.

**ഹൃദയം ഒരു ദൈവാലയം:** ഹൃദയത്തെ ദൈവാലയമായി പല വിശുദ്ധരും എഴുത്തുകാരും ക്രൈസ്തവ പാരമ്പര്യങ്ങളുമെല്ലാം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അതിനുള്ളിലെ എല്ലാ തിന്മകളും ചമ്മട്ടിയുണ്ടാക്കി അടിച്ച് പുറത്തുകളയാൻ യേശുവിനെ നമുക്കനുവദിക്കാം. അങ്ങനെ ഹൃദയം ഒരു ദൈവാലയമാക്കാം.

**ഹൃദയത്തിലെ കാളക്കുട്ടി:** ദൈവാലയത്തിലെ കാളക്കുട്ടി നമ്മുടെ ഹൃദയത്തിലെ കാളക്കുട്ടിതന്നെയാണ്. കാളകളെ ഇസ്രായേല്യർ വളരെയധികം സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തുപോന്നിരുന്നു. പുറപ്പാട് പുസ്തകത്തിൽ 21,22 അധ്യായങ്ങ ളിൽ കാളകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതുമാത്രമല്ല പുറപ്പാട് 32-ാം അധ്യായത്തിൽ കാളക്കുട്ടിയെ ആരാധിക്കുന്ന ഇസ്രായേൽക്കാരെ നമുക്ക് കാണാൻ സാധിക്കും. നമ്മുടെ ഹൃദയത്തിലും കാളക്കുട്ടികളില്ലേ? ദുർവാശികളുടെയും തഴക്കദോഷങ്ങളുടെയും വിഗ്രഹാരാധനയുടെയുമൊക്കെ പ്രതീകങ്ങളാണ് ഈ കാളക്കുട്ടി.

**ദുർവാശി എന്ന ദുരന്തം:** കുടുംബജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം ചില ദുർവാശികളാണ്. വേണ്ടാത്ത സമയങ്ങളിലും സ്ഥലങ്ങളിലും നാം കാണിക്കുന്ന ദുർവാശികൾ പലപ്പോഴും ദുരന്തങ്ങളായി ഭവിക്കാറുണ്ട്. പഴയനിയമത്തിലെ പ്രവാചകന്മാരുടെ വാക്കുകൾ കേൾക്കാതെ ദുർവാശികാണിച്ച്, ദുരന്തങ്ങൾ പേറിയ ധാരാളം രാജാക്കന്മാരെയും ഇസ്രായേൽമക്കളെയും നമുക്കറിയാം. ഹൃദയത്തിലെ ആവശ്യമില്ലാത്ത ദുർവാശികൾ ദൂരെയെറിയാം. ആഗ്രഹിച്ച സാധനങ്ങൾ മാതാപിതാക്കൾ വാങ്ങി നൽകിയില്ലെങ്കിൽ ദുർവാശിയോടുകൂടെ ജീവനൊടുക്കിയ എത്രയോ മക്കൾ. തനിക്ക് ഇഷ്ടമില്ലാത്തത് പ്രവർത്തിച്ചതുമൂലം മരണനേരത്തുപോലും ദുർവാശിയോടെ മക്കളോട് രമ്യതയിലെത്താതെ കടന്നുപോയ എത്രയോ മാതാപിതാക്കൾ.

ഈലോകജീവിതം ഹ്രസ്വമാണ്. അതുകൊണ്ട് എല്ലാം ക്ഷമിച്ചും പൊറുത്തും സന്തോഷത്തോടെ നമുക്ക് ജീവിക്കാം. ഹൃദയത്തിലെ കാളക്കുട്ടിയെ ദൂരെയെറിയാം. ഹൃദയം ഒരു ദൈവാലയം.

**ഫാ. സിബി തൈപ്പറമ്പിൽ**

# മാർച്ച് 14
# തപസ്സുകാലം 4–ാം ഞായർ

## ഭാഷ്യം

2 ദിന 36:14–16,19–23; എഫേ 2:4–10;

യോഹ 3:14–21

### സന്ദർഭം

നാലാം സുവിശേഷകൻ 2 മുതൽ 5 വരെ അധ്യായങ്ങളിൽ യേശുവിന്റെ വാക്കിലും പ്രവൃത്തിയിലുമുള്ള മഹത്കാര്യങ്ങൾ രേഖപ്പെടുത്തുന്നു. 3:1–21 ൽ യേശുവിന്റെ വാക്കുകളിലൂടെ ഉരുത്തിരിയുന്ന മഹാകാര്യങ്ങൾ വെളിപ്പെടുന്നു. യേശുവിന്റെ വാക്കുകളുടെ പശ്ചാത്തലം ഫരിസേയനും യഹൂദ പ്രമാണിയുമായ നിക്കൊദേമോസുമായിട്ടുള്ള (3:1) സംവാദമാണ്. യേശുവിന്റെ പഠനങ്ങളിലും അടയാളങ്ങളിലും ആകൃഷ്ടനായി യഹൂദസംഘത്തിൽനിന്നും ഒരാൾ (നിക്കൊദേമോസ്) 'രാത്രിയിൽ' യേശുവിനെ സമീപിക്കുന്നു. അന്ധകാരാവൃതമായ മനവുമായി യേശുവിനെ സമീപിക്കുന്ന അയാൾക്ക് യേശു പ്രദാനം ചെയ്യുന്നത് പുതുജീവൻ പ്രാപിക്കാനുള്ള അടിത്തറയാണ് (3:3–13). യേശുവിലൂടെ ദൈവം മാനവകുലത്തിന് നല്കാൻ ആഗ്രഹിക്കുന്ന ജീവന്റെ പൂർണതയാണ് പുതുജീവൻ - നിത്യജീവൻ. പണ്ഡിതപ്രമുഖനായ നിക്കൊദേമോസിന് യേശുവിന്റെ മഹത്‌വാക്കുകൾ പൂർണമായും പ്രാപ്യമാകാതെവരുമ്പോൾ പഴയനിയമ അടയാളത്തിലൂടെയും ദൈവസ്നേഹത്തിന്റെ സാർവത്രികതയിലൂടെയും അന്ധകാരത്തിൽനിന്നും മോചനം ആഗ്രഹിക്കാത്ത ഒരു ജനവിഭാഗത്തിന്റെ മനോഭാവത്തിലൂടെയും നിത്യജീവന്റെ അർത്ഥം പകർന്ന് കൊടുക്കുകയാണ് ഇന്നത്തെ സുവിശേഷഭാഗം.

### സാരം

1. പുതുജീവനെ, നിത്യജീവനെ, സംബന്ധിക്കുന്ന നിക്കൊദേമോസുമായുള്ള യേശുവിന്റെ സംവാദത്തിൽ മോശ മരുഭൂമിയിൽ ഉയർത്തിയ സർപ്പത്തിന്റെ സംഭവകഥ ഓർമപ്പെടുത്തുന്നു (3:14).

സംഖ്യ 21:9 ആണ് ഈ സംഭവകഥയുടെ പശ്ചാത്തലം. ഈജിപ്തിൽനിന്നും പുറപ്പെട്ട ഇസ്രായേൽ ജനം യാത്രാമധ്യേ ഹോർ മലയിൽനിന്നും ഏദോം ചുറ്റി സഞ്ചരിക്കുന്നു. ദുർഘടമായ യാത്രക്കിടയിൽ ഇസ്രായേല്യർ വിഷസർപ്പങ്ങളുടെ ദംശനത്തിന് ഇരയാവുന്നു. ശിക്ഷയിൽനിന്നുള്ള മോചനമാർഗമായി ദൈവം മോശയോട് ഒരു പിച്ചളസർപ്പത്തെയുണ്ടാക്കി ഉയർത്തിനാട്ടാൻ ആവശ്യപ്പെടുന്നു. ദംശനമേറ്റവർ ഈ സർപ്പത്തെ നോക്കുന്നതുവഴി ജീവൻ പ്രാപിക്കുന്നു. മരുഭൂമിയിൽ ഉയർത്തപ്പെട്ട പിച്ചളസർപ്പം രക്ഷയുടെ പ്രതീകമായി. അപ്രകാരം യേശു കുരിശിൽ ഉയർത്തപ്പെടുമ്പോൾ സർവജനത്തിനുംവേണ്ടിയുള്ള ജീവന്റെ അടയാളമായി മാറും. ഇവിടെ 'ഉയർത്തുക' എന്ന ക്രിയ യോഹന്നാൻ സുവിശേഷകൻ 'ക്രൂശിതനാകുക,' 'മരിക്കുക,' 'ഉത്ഥാനം ചെയ്യുക' എന്ന പെസഹാ രഹസ്യത്തെ അർത്ഥമാക്കുംവിധം ഉപയോഗിച്ചിരിക്കുന്നു. ആയതിനാൽ, വേദഗ്രന്ഥ പണ്ഡിതർ യോഹന്നാന്റെ സുവിശേഷത്തിലെ പ്രസ്തുതഭാഗം യേശുവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനമായി കണക്കാക്കുന്നു. സമവീക്ഷണസുവിശേഷകർ പീഡാനുഭവപ്രവചനം യേശുവിന്റെ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടത്തിൽ അവതരിപ്പിക്കുമ്പോൾ നാലാം സുവിശേഷകൻ ഇക്കാര്യം യേശുവിന്റെ പ്രവർത്തനത്തിന്റെ ആരംഭംമുതലേ അവതരിപ്പിക്കുന്നു. യോഹന്നാനെ സംബന്ധിച്ചിടത്തോളം കുരിശുമരണവും ഉത്ഥാനവും രണ്ടു സംഭവങ്ങളല്ല, ഒരു യാഥാർത്ഥ്യമാണ്.

2. യേശുവിലൂടെ സാധ്യമാകുന്ന രക്ഷ ദൈവസ്നേഹം സാർവത്രികമാണെന്നുള്ള ബോധ്യത്തിലേയ്ക്ക് തുടർന്ന് സുവിശേഷകൻ നമ്മെ നയിക്കുന്നു. ഈ ആശയം ഏറ്റവും ആഴമേറിയതും സംക്ഷിപ്തവുമായ രൂപത്തിൽ സുവിശേഷകൻ കുറിക്കുന്നു: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തൻെറ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (3:16). ദൈവം യേശുവിനെ ലോകത്തിന് നല്കിയത് ദൈവം ലോകത്തെ സ്നേഹിക്കുന്നതുകൊണ്ടാണ്. 'നല്കുക' എന്ന പദം (ഗ്രീക്കിൽ didomi- 'give') യേശു ലോകത്തിന് നല്കിയ എല്ലാറ്റിന്റെയും ഉറവിടം ദൈവമാണെന്ന് അർത്ഥമാക്കാനാണ് നാലാം സുവിശേഷകൻ പ്രയോഗിക്കുന്നത് (3:35; 5:22,26,36). അതായത്, യേശുവിന്റെ കുരിശുമരണത്തിലൂടെയും

ഉത്ഥാനത്തിലൂടെയും സംജാതമാകുന്ന രക്ഷയുടെ ഉറവിടവും ദൈവത്തിന്റെ 'നല്കലാണ്' -ദാനമാണ്. ഈ 'നല്കൽ' ലോകത്തിന് വേണ്ടിയാണ്. 'ലോകം' (ഗ്രീക്കിൽ Kosmos ="World") സർവസൃഷ്ടജാലങ്ങളെയും പ്രപഞ്ചത്തെ ആകമാനം ഉൾക്കൊള്ളുന്നു. യേശുവിലൂടെ സാധ്യമാകാൻ പോകുന്ന ദൈവത്തിന്റെ സ്നേഹകവചത്തിൽനിന്ന് പ്രപഞ്ചത്തിലെ ആരെയും ഒന്നിനെയും മാറ്റിനിർത്തുന്നില്ല. ദൈവസ്നേഹം സർവത്തേയും ആശ്ലേഷിക്കുന്നു. ദൈവസ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ പ്രകടനമാണ് 'ഏകജാതനെ നല്കുക' എന്നതിൽ അടങ്ങിയിരിക്കുന്നത്. എല്ലാ അതിർത്തികളും ലംഘിക്കുന്ന ദൈവസ്നേഹത്തിന്റെ നല്കലിൽ ഏകപുത്രൻപോലും ഒഴിവാക്കപ്പെടുന്നില്ല. 'നൽകാൻ തക്കവിധം' എന്ന പ്രയോഗം 'മരണത്തിന് ഏല്പിച്ചുകൊടുക്കാൻ' എന്ന അർത്ഥമാണ് ഉൾക്കൊള്ളുന്നത്. ഈ പ്രയോഗംതന്നെയാണ് സമവീക്ഷണ സുവിശേഷകർ യേശുവിന്റെ പീഡാനുഭവ പ്രവചനത്തിൽ ഉപയോഗിച്ചിരിക്കുന്നത്: "മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെടുകയും അവർ അവനെ വധിക്കുകയും ചെയ്യും. അവൻ വധിക്കപ്പെട്ടു മൂന്നു ദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേൽക്കും" (മർക്കോ 9:31). യേശുവിന്റെ മരണം പിതാവിന്റെ സ്നേഹത്തിന്റെ സ്പഷ്ടമായ പ്രകടനമാണെന്ന് സാരം.

3. യേശുവിലൂടെ ദൈവം സാധ്യമാക്കാൻ ആഗ്രഹിക്കുന്ന രക്ഷ സ്വീകരിക്കായ്കമൂലം സംഭവിക്കുന്ന ശിക്ഷാവിധിയെക്കുറിച്ച് സുവിശേഷകൻ തുടർന്ന് പ്രതിപാദിക്കുന്നു. ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. ആയതിനാൽത്തന്നെ ആരെയും വിധിക്കാനല്ല, രക്ഷിക്കാനാണ് ദൈവം 'ഏകജാതനെ നല്കിയത്.' എന്നാൽ ലോകം യേശുവിനെ തിരസ്ക്കരിക്കുന്നതിലൂടെ, പിതാവിന്റെ സ്നേഹവും അതിലൂടെ സാധ്യമാകുന്ന രക്ഷയും തിരസ്കരിക്കുന്നതിലൂടെ സ്വയം വിധിക്കുന്നു. ഈ തിരസ്കരണത്തിലൂടെ, സംഭവിക്കുന്ന സ്വയം വിധിയാണ് 'യാഥാർത്ഥ്യമായ യുഗാന്തവീക്ഷണം' (Realized eschatology). ഈ വിധിക്ക് ഒരു മറുവശമുണ്ട്: യേശുവിൽ വിശ്വസിക്കുന്നവർ, യേശുവിനെ സ്വീകരിക്കുന്നവർ, ദൈവം ഒരുക്കുന്ന സ്നേഹകവചത്തിൽ രക്ഷയും ജീവനും അനുഭവിക്കുന്നു. സംഭവിച്ചുകൊണ്ടിരിക്കുന്ന യുഗാന്തവീക്ഷണത്തിന്റെ ഇരുവശങ്ങളായ തിരസ്കരണത്തിന്റെയും സ്വീകരണത്തിന്റെയും പൂർത്തീകരണം മാത്രമാണ് അ

ന്തിമവിധിയും അന്തിമ രക്ഷയും (Final Eschatology). ഇവിടെ യേശുവിനെ തിരസ്കരിക്കുന്നവർക്ക് അന്ത്യത്തിൽ അതനുസരിച്ചുള്ള വിധിയും യേശുവിനെ സ്വീകരിക്കുന്നവർക്ക് അതനുസരിച്ചുള്ള ജീവന്റെ അനുഭവവും ലഭ്യമാകും. തിരസ്കരണം –വിധി– അന്ധകാരത്തിന്റെ പ്രതീകമെങ്കിൽ, സ്വീകരണം – രക്ഷ– പ്രകാശത്തിന്റെ അടയാളമാണ്.

4. രണ്ടാം ദിനവൃത്താന്തത്തിലെ അവസാന വാക്യങ്ങളാണ് ഇന്നത്തെ ഒന്നാം വായനയിൽ ലഭിക്കുന്നത്. യൂദയ രാജ്യത്തിന്റെ അവസാന നാളുകളും തുടർന്നുവരുന്ന ബാബിലോൺ പ്രവാസവും അതിനുശേഷമുള്ള മടങ്ങിവരലുമാണ് ഈ ചെറുവിവരണം ശ്രോതാക്കൾക്ക് നല്കുന്നത്. പുരോഹിതരുടെയും ജനത്തിന്റെയും അവിശ്വസ്തതയും മ്ളേച്ഛതയുമാണ് ദൈവകോപത്തിന് ഇടയാക്കിയതെന്ന് ലേഖകൻ വിവരിക്കുന്നു. തത്ഫലമായി ജറുസലെം നഗരം വിദേശശക്തികളുടെ കീഴിലാവുകയും അവർ ദൈവാലയം അശുദ്ധമാക്കുകയും നശിപ്പിക്കുകയും ഭൂരിഭാഗം യഹൂദരെ പ്രവാസികളായി ബാബിലോണിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഈയൊരു ഘട്ടത്തിലും യഹൂദരുടെ പ്രതീക്ഷ അസ്തമിക്കുന്നില്ല. ഏതാനും വർഷങ്ങൾക്കുശേഷം പേർഷ്യൻ ചക്രവർത്തിയായ സൈറസ് ബാബിലോൺ കീഴ്പ്പെടുത്തുകയും ഒരു വിളംബരത്തിലൂടെ ഇസ്രായേല്യരോട് സ്വന്തം നാട്ടിലേക്ക് തിരികെ പോകാനും ദൈവാലയം പുതുക്കിപണിയാനുമുള്ള ആഹ്വാനം നല്കുകയും ചെയ്തു.

## സന്ദേശം

യേശുവിന്റെ കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ദൈവം തന്റെ അനന്തമായ സ്നേഹമാണ് ലോകത്തിനുമേൽ പ്രകടിപ്പിക്കുന്നത്. യേശുവിലൂടെ ദൈവം സാധ്യമാക്കുന്ന സാർവത്രികരക്ഷയിൽ നിന്ന് അകന്ന് നില്ക്കുന്നവരാകട്ടെ സ്വയം വിധിക്ക് വിധേയരാകുന്നു. എന്നാൽ സ്വീകരിക്കുന്നവരാകട്ടെ രക്ഷയിലേക്കും ജീവനിലേക്കും പ്രവേശിക്കുന്നു. തങ്ങളുടെ അനീതിയും അവിശ്വസ്തതയും മൂലം ദൈവസ്നേഹത്തിൽനിന്ന് അകന്നുപോയ ഇസ്രായേൽ ജനം തങ്ങളുടെതന്നെ നാശം ക്ഷണിച്ചുവരുത്തുകയായിരുന്നു. നമ്മളോ?

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ഞാൻതന്നെയെന്നുപറയാനുള്ള ചങ്കൂറ്റം

ഡിമാ നിക്ടിൻ എന്ന ചെറുപ്പക്കാരനായ പ്ലംബറിന്റെ കഥയാണ് 'The Fool' എന്ന റഷ്യൻസിനിമ. പൊതുമരാമത്ത് വകുപ്പിൽ ഒരു കീഴ്ജോലിക്കാരനാണ് നിക്ടിൻ. ഇരുപത് വർഷംമാത്രം പഴക്കമുള്ള ഒരു പത്തുനിലകെട്ടിടത്തിലെ ബാത്ത്റൂമിന്റെ പൈപ്പ് നന്നാക്കാനാണ് ഒരു രാത്രിയിൽ നിക്ടിൻ എത്തുന്നത്. കൂടെക്കൂടെ പൊട്ടുന്ന ഒരു പൈപ്പിനെക്കുറിച്ച് താമസക്കാർ പരാതിപറഞ്ഞപ്പോൾ അതിന്റെ കാരണം കണ്ടുപിടിക്കാൻ നിക്ടിൻ ശ്രമിക്കുന്നു. ജോലികഴിഞ്ഞുള്ള വൈകുന്നേരങ്ങളിൽ പ്രൈവറ്റായി എഞ്ചിനീയറിംഗ് പഠിക്കുന്ന അയാളുടെ അന്വേഷണത്തിന്റെ ഉത്തരം ഞെട്ടിപ്പിക്കുന്നതായിരുന്നു. കെട്ടിടത്തിന്റെ ഒരു വശം താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇരുപത്തിനാല് മണിക്കൂറിനകം ഇരുപത്നില കെട്ടിടം നിലംപൊത്തും. ഗുരുതരമായ ഈ അവസ്ഥ നിക്ടിൻ തന്റെ മേലുദ്യോഗസ്ഥനെ അറിയിക്കുന്നു. നിക്ടിന് ഫോണിലൂടെ കിട്ടിയ മറുപടി "നിനക്ക് വട്ടാണ് പോയികിടന്ന് ഉറങ്ങ്." നിക്ടിന്റെ ഭാര്യയും മാതാപിതാക്കളും പറഞ്ഞു: 'വിട്ടുകള'. പക്ഷേ നിക്ടിനു ഉറക്കം കിട്ടിയില്ല. ആ രാത്രിതന്നെ നിക്ടിൻ മേയറിന്റെ 50-ാം ജന്മദിന ആഘോഷരാവിലേക്ക് തള്ളിക്കയറുന്നു. ആഘോഷത്തിൽ പങ്കെടുക്കാൻ കെട്ടിടം പണിത കോൺട്രാക്ടറും ടൗൺപ്ലാനറും പൊലീസ് കമ്മീഷണറും ഉണ്ടായിരുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തര ചർച്ചനടത്തി. ഒരു അന്വേഷണസംഘം അപകടസ്ഥലത്ത് ഉടനെ പരിശോധിച്ചു. കണ്ടെത്തൽ ശരിയെന്നറിയിച്ചു. അതീവരഹസ്യമായി അവരുകൂടിയ മീറ്റിംങ്ങിൽ കെട്ടിടത്തിലെ മുഴുവൻ ആളുകളെയും ഒഴിപ്പിക്കാൻ തീരുമാനമായി. പക്ഷേ ഒഴിപ്പിച്ചവരെ മാറ്റിതാമസിപ്പിക്കാനുള്ള ചിലവ് വലിയ ബാധ്യതയാവുമെന്നു തിരിച്ചറിഞ്ഞ മേയർ മറ്റൊരു വഴികണ്ടെത്തി. മേയറുടെ പല ഒളിച്ചുകളികൾക്കും കൂട്ടുനിൽക്കുന്ന പൊലീസ് കമ്മീഷണറെ രഹസ്യത്തിൽ വിളിച്ചു തന്ത്രംമനഞ്ഞ് കൈക്കൂലി വാങ്ങിച്ച് കെട്ടിടംപണിത കോൺട്രാക്ടറെയും ടൗൺപ്ലാനറെയും കെട്ടിടം തകർന്നുവീണതിനുശേഷം അറസ്റ്റ് ചെയ്യുക. ഈ കാര്യങ്ങളൊക്കെ അറിയാവുന്ന നിക്ടിനെ കൊന്നുകളയുക. നിക്ടിനോട് വളരെ അനുഭാവം തോന്നിയ കമ്മീഷ

ണർ നിക്ടിനോട് കുടുംബത്തോടൊപ്പം നാടുവിടാൻ അഭ്യർത്ഥിക്കുന്നു. തകർന്നുവീഴാൻപോകുന്ന കെട്ടിടത്തിന്റെ മുന്നിലൂടെ കുടുംബവുമായ് കാറിൽപോകുന്ന നിക്ടിനു പൊലിയാൻപോകുന്ന ജീവിതങ്ങളെക്കുറിച്ചോർത്ത് വിണ്ടുവീചാരംവന്നു. കലഹിച്ചുനിന്ന ഭാര്യയെ നിർബന്ധപൂർവം പറഞ്ഞയച്ചു നിക്ടിൻ എല്ലാ നിലകളി ലും ഓടി നടന്ന് ആളുകളെ ഒഴിപ്പിക്കുന്നു. എല്ലാവരും നിലത്തെത്തി ക്കഴിയുമ്പോൾ കൂട്ടത്തിലെ ഒരു കുടിയൻ ഇവന് വട്ടാണ് എന്നുപറ ഞ്ഞ് നിക്ടിന്റെ തലയ്ക്കടിക്കുന്നു. ഇത് കണ്ടു ഒഴിപ്പിക്കപ്പെട്ട പലരും അവനെ തല്ലുന്നു. ഉടനെ നിലംപൊത്താൻ പോകുന്ന കെട്ടിടത്തിലേക്ക് ആളുകൾ കയറിപ്പോകുമ്പോൾ രക്തത്തിൽ കുളിച്ചുകിടക്കുന്നു നിക്ടിൻ. അവന്റെ മുകളിൽ 'The Fool' എന്നെഴുതിക്കാണിക്കുന്നതാണ് സിനിമയുടെ ലാസ്റ്റ് ഫ്രെയിം.

സത്യത്തിന്റെ കൂടെ നിൽക്കുന്നവർക്കും സത്യം വിളിച്ചുപറയുന്നവർക്കും ലോകം കൊടുക്കുന്ന പേരാണ് 'Fool' എല്ലാകാലത്തും എല്ലാസ്ഥലത്തും ഇത് സത്യമാണ്. യോഹന്നാൻ ഒമ്പതാം അധ്യായത്തിൽ പരിചയപ്പെടുത്തുന്ന അന്ധനും മണ്ടനാണ്. സൗഖ്യംകിട്ടി വീട്ടിൽ പോകുന്നതിനുപകരം അവൻ കാഴ്ച തന്നവന് സാക്ഷ്യം കൊടുക്കാൻ പോകുന്നു. ഭിക്ഷക്കാരനാണെങ്കിലും നിലപാടുകളിൽ ഉറച്ചുനിന്നു. 'ഞാൻതന്നെ' എന്നുപറയാനുള്ള ചങ്കുറപ്പുള്ളവൻ. ക്രിസ്തു പ്രവാചകനാണെന്നും ദൈവത്തിൽനിന്നുള്ളവനാണെന്നും പുരോഹിതരെയും ഫരിസേയപ്രമുഖന്മാരെയും പഠിപ്പിക്കാൻ ധൈര്യമുള്ളവൻ. സിനഗോഗിൽനിന്നും പുറത്താകുമെന്നുള്ള ഭയംകൊണ്ട് അവന്റെ മാതാപിതാക്കൾ നുണ പറയുമ്പോഴും മകൻ തനിക്ക് തെളിഞ്ഞുകിട്ടിയ പുതിയ കാഴ്ചയിൽ താൻ മുങ്ങിനിവർന്ന കുളത്തിന്റെ പേര് വ്യക്തമാകുന്നു. സിലോഹ– അയയ്ക്കപ്പെട്ടവൻ. സത്യം അറിയാത്തതല്ല ലോകത്തിന്റെ പ്രശ്നം സത്യം പറയാത്തതാണ്. എവിടെന്നൊക്കെയോ പുറത്താക്കുമെന്ന ഭയമാണ് സത്യത്തിന്റെ മരണ കാരണം.

'This World Suffers
Not Because of the Violence of the Bad People
But Because of the Silence of the Good People'

**ഫാ. ജോൺ ക്യാപിസ്റ്റൺ ലോപ്പസ്**

# മാർച്ച് 19

# യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

## പ്രസംഗം

### നിദ്രയിലാഴുംമുമ്പേ!

1870 ഡിസംബർ 8-ന് ഒമ്പതാം പീയൂസ് പാപ്പ 'ദൈവം നിശ്ച യിച്ചപോലെ' എന്ന അറിയിപ്പ് വഴി വിശുദ്ധ യൗസേപ്പിനെ തിരുസ്സ ഭയു ടെ മധ്യസ്ഥനായി പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തിന്റെ 150-ാം വാർ ഷികത്തിൽ 2020 ഡിസംബർ 8 ഫ്രാൻസിസ് പാപ്പ 'ഒരപ്പന്റെ ഹൃദയത്തോടെ' എന്ന തിരുവെഴുത്തുവഴി ഒരു യൗസേപ്പ് വർഷം പ്രഖ്യാപിച്ചു. തന്മൂലം ഈ മാർച്ച് 19-ലെ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ഏറ്റം സവിശേഷമായി ആചരിക്കാൻ സഭാമക്ക ൾക്ക് കടമയുണ്ട്.

ഒരു സൗമ്യപിതൃസാന്നിധ്യമായി നമ്മുടെ ഓർമയിൽ ഈ മുനി വര്യൻ എന്നും പ്രത്യേകിച്ച്, ഈ വർഷം മുഴുവൻ നിറഞ്ഞുനിൽക്ക ട്ടെ. വെളിച്ചം വിതറുന്ന, സുഖസംദായക മൗനമാണ് വിശുദ്ധ യൗ സേപ്പിതാവിന്റെ മുഖമുദ്ര. ദൈവസന്ദേശം സ്വീകരിച്ചതിന്റെ അട യാളമാണത്.

ഉറക്കം കെടുത്തുന്ന ചിന്തകളുമായി അസ്വസ്ഥനാകുന്ന ജോസ ഫിനെയാണ് സുവിശേഷം (മത്താ 1:18-25) അവതരിപ്പിക്കുന്നത്. വ ലിയൊരു പ്രതിസന്ധിയെ ജോസഫ് അഭിമുഖീകരിക്കുന്നു. തന്റെ ഭാര്യയാകേണ്ടവൾ താനറിയാതെ ഗർഭിണിയായിരിക്കുന്നു. ഉലയുന്ന മനസ്സുമായി ജോസഫ് പ്രതിസന്ധിയെ നേരിടുന്നത് നമ്മെ അതി

ശയിപ്പിക്കുന്നു. മറിയത്തെ അപമാനിതയാക്കാൻ ജോസഫിന്റെ മനസ്സ് അനുവദിക്കുന്നില്ല. മറിയത്തെ കുറ്റപ്പെടുത്തുന്ന രീതിയിൽ അവന്റെ വിരൽ ചൂണ്ടപ്പെടുന്നില്ല. മറിയത്തെ മുറിപ്പെടുത്തുന്ന ഒരു വാക്കും അവന്റെ നാവിൽനിന്നും പുറത്തുവരുന്നില്ല. നല്ല തീരുമാനങ്ങൾ ദൈവികമാണ്. ഉചിതമായ തീരുമാനങ്ങൾ മനുഷ്യജീവിതത്തിൽ ദൈവികതാളം സൃഷ്ടിക്കും. അപരനെ അപകടപ്പെടുത്തുന്ന, അപരനെ തിരസ്കരിക്കുന്ന തീരുമാനങ്ങളിൽ നിന്നും മാറിനിൽക്കണമെന്നാണ് വിശുദ്ധ യൗസേപ്പ് നമ്മെ പഠിപ്പിക്കുന്നത്.

തീരുമാനമെടുത്ത യൗസേപ്പ് ഉറങ്ങി. വലിയ ഉത്തരവാദിത്വത്തിന്റെയും വലിയ തീരുമാനമെടുക്കേണ്ട സന്ദർഭങ്ങളുടെയും വലിയ പ്രതിസന്ധികളുടെയുംമുന്നിൽ നിൽക്കേണ്ടിവരുമ്പോൾ എവിടേക്കാണ് പ്രചോദനത്തിന് നോക്കുന്നത് എന്ന ചോദ്യത്തിന് മറുപടിയായി തന്റെ മുറിയിൽ മേശമേൽ വച്ചിരിക്കുന്ന 'ഉറങ്ങുന്ന യൗസേപ്പിന്റെ' രൂപമുള്ളകാര്യം പാപ്പ വെളിപ്പെടുത്തി.

തീരുമാനമെടുത്ത ജോസഫിനെ ദൈവമാണ് ഉറക്കത്തിലേക്ക് നയിച്ചത്. ആ ഉറക്കത്തിൽ യൗസേപ്പിന്റെ മനസ്സും ചിന്തയും ദൈവകരങ്ങളിലായി. ഇന്ന് വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളാണ്. മരണവും ഉറക്കവും സഹോദരങ്ങളാണ്. മരണം വലിയ സഹോദരനും ഉറക്കം ചെറിയസഹോദരനും. ഈ ചെറിയ സഹോദരൻ എന്നും നമ്മെ സന്ദർശിക്കും. വലിയ സഹോദരൻ ഒരിക്കൽമാത്രവും. ഉറക്കം ഓരോ ദിവസവും നമ്മെ സന്ദർശിക്കുമ്പോൾ നമുക്കും ദൈവസ്വരം കേൾക്കാൻ സാധിക്കട്ടെ.

നിദ്രയിലാഴ്ന്ന യൗസേപ്പിനെ ദൈവം സ്വപ്നലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. കർത്താവിന്റെ ദൂതൻ യൗസേപ്പിന് പ്രത്യക്ഷനായി. അദ്ദേഹത്തിന്റെ മനസ്സിൽനിന്നും സംശയങ്ങളെ പൂർണമായി മാറ്റാനുതകുംവിധം ദൈവികപദ്ധതി വെളിപ്പെടുത്തി. രണ്ടു വലിയ രഹസ്യങ്ങളുടെ പൊരുൾ യൗസേപ്പ് തിരിച്ചറിഞ്ഞു. മറിയം ദൈവമാതാവാണെന്നും അവളിൽനിന്നും ജന്മമെടുക്കുന്ന ശിശു ദൈവപുത്രനാണെന്നും.

മറിയത്തെയും യേശുവിനെയും അറിഞ്ഞ് അംഗീകരിച്ച ആദ്യ മനുഷ്യനാണ് യൗസേപ്പ്. തനിക്കു ലഭിച്ച വെളിപാടിന്റെ പ്രകാശത്തിൽ യൗസേപ്പ് തന്റെ തീരുമാനത്തിൽ മാറ്റംവരുത്തി. ദൈവദൂതൻ യൗസേപ്പിന് നൽകുന്ന ദൗത്യം മറിയത്തിലൂടെ ജന്മമെടുക്കുന്ന ശിശുവിന് "യേശു എന്നു പേരിടണം" എന്നുള്ളതാണ്. സുവിശേഷകൻ കുറിക്കുന്നു: "ജോസഫ് നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു. അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു. അവൻ ശിശുവിന് യേശു എന്ന് പേരിട്ടു" (മത്താ 1:24-25).

നിദ്രയിൽനിന്നുണർന്ന യൗസേപ്പ് രണ്ടു മഹാരഹസ്യങ്ങളുടെ പൊരുളറിഞ്ഞവനാണ്. അവൻ രഹസ്യങ്ങളുടെ കാവൽക്കാരനും സംരക്ഷകനുമായി മാറി. 'ഒരപ്പന്റെ ഹൃദയത്തോടെ' അവൻ യേശുവിനെ സ്നേഹിച്ചു. അങ്ങനെ, മൗനമെന്ന അഭൗമികഭാവം യൗസേപ്പിന്റെ മുഖമുദ്രയായിമാറി. മറിയത്തിന്റെയും യേശുവിന്റെയും കൂടെയുള്ള ജീവിതം യൗസേപ്പിന് നക്ഷത്രത്തിന്റെയും സൂര്യന്റെയും സാമീപ്യത്തിലുള്ള ജീവിതംപോലെയായി. അവസാനം, മാതാവിന്റെയും ഈശോയുടെയും സാന്നിധ്യത്തിൽ വിശുദ്ധ യൗസേപ്പ് ഭാഗ്യമരണം പ്രാപിച്ചു എന്നു നാം ഏറ്റുപറയുമ്പോൾ നമ്മുടെയും താൽക്കാലിക നിദ്രയ്ക്കും സനാതനനിദ്രയ്ക്കും മാതാവിന്റെയും ഈശോയുടെയും സാന്നിധ്യസംരക്ഷണം ആഗ്രഹിച്ചുപ്രാർത്ഥിക്കാം.

**ഡോ. ജോസഫ് കോണിക്കൽ MCBS**

# മാർച്ച് 21
# തപസ്സുകാലം 5–ാം ഞായർ

## ഭാഷ്യം

### ജറെ 31:31-34; ഹെബ്രാ 5:7-9; യോഹ 12:20-33

### സന്ദർഭം

നാലാം സുവിശേഷത്തെ സാധാരണയായി രണ്ട് ഭാഗങ്ങളായി തിരിക്കാറുണ്ട്. ഒന്ന്, അടയാളങ്ങളുടെ പുസ്തകം (1:19-12:50); രണ്ട്, മഹത്ത്വത്തിന്റെ പുസ്തകം (13:1-20:31). അടയാളങ്ങളുടെ പുസ്തകം അവസാനിക്കുന്നത് ലാസറിനെ ഉയർപ്പിക്കുന്നതും അതേത്തുടർന്നുണ്ടായ സംഭവവികാസങ്ങളും ജറുസലെമിലെ യേശുസാന്നിധ്യവുമൊക്കെ ഉൾക്കൊണ്ടുകൊണ്ടാണ് (11-12 അധ്യായങ്ങൾ). അടയാളങ്ങളുടെ പുസ്തകത്തിന്റെ അവസാനഭാഗം രേഖപ്പെടുത്തുന്ന യേശുവിന്റെ ജറുസലെമിലെ മുഖ്യസാനിധ്യം ആരംഭിക്കുന്നത് രാജകീയ പ്രവേശനത്തോടുകൂടിയാണ് (12:12-19). തുടർന്ന് പെസഹാത്തിരുനാൾ ഒരുക്കവുമായി ബന്ധപ്പെട്ട് ജറുസലെം നഗരത്തിൽ എത്തുന്ന ഗ്രീക്കുകാർ യേശു അവിടെ ഉണ്ടെന്ന് അറിയുകയും അവനെ കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നു (12:20-21). ശിഷ്യരായ പീലിപ്പോസിലൂടെയും അന്ത്രയോസിലൂടെയും ഈ വിവരം അറിയുന്ന യേശു തന്റെ മഹത്ത്വീകരണത്തിന്റെ സമയം സമാഗതമായെന്ന് തിരിച്ചറിയുകയും (12:22-26) ഈ മഹത്ത്വീകരണം തന്റെ ഉയർത്തപ്പെടലിലൂടെ സംഭവിക്കേണ്ടതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു (12: 27-33).

### സാരം

1. ജറുസലെമിൽ യേശുവിന്റെ സാന്നിധ്യം മനസ്സിലാക്കുന്ന ഗ്രീക്കുകാർ അവിടുത്തെ അന്വേഷിക്കുന്നു. പ്രസ്തുത ഗ്രീക്കുകാർ ഗ്രീക്ക് ഭാഷ സംസാരിച്ചിരുന്ന യഹൂദ ജനവിഭാഗത്തിൽപ്പെട്ടവരോ പാലസ്തീനായ്ക്ക് പുറമേനിന്നുവരുന്ന യഹൂദരോ അല്ല. ഭാവിയിൽ എന്നെങ്കിലും യഹൂദമതം സ്വീകരിക്കാൻ ആഗ്രഹിച്ചിരുന്ന വിജാതീയ ഗണമായിരുന്നിരിക്കണം ഈ ഗ്രീക്കുകാർ. പെസഹാതിരുനാളിന്

പങ്കെടുക്കാനെത്തിയ തീർത്ഥാടകരാണവർ. ആയതിനാൽ, അവർ യഹൂദമതകാംശികളായി കരുതപ്പെടുന്നു (Gentile proselytes). എന്നാൽ നാലാം സുവിശേഷകൻ ഈ ഗ്രീക്കുകാരെ യേശുവിൽ ആകൃഷ്ടരാകുന്ന വിജാതീയ ലോകത്തിന്റെ പ്രതിനിധികളായി അവതരിപ്പിക്കുന്നു. ഇപ്രകാരം, "ലോകം യേശുവിന്റെ പിന്നാലെ പോയിക്കഴിഞ്ഞു" എന്ന് ഫരിസേയർ തങ്ങളറിയാതെ പറയുന്ന പ്രവചനത്തിന്റെ (12:19) പൂർത്തീകരണമായി ഗ്രീക്കുകാരുടെ അന്വേഷണം നിലകൊള്ളുന്നു. യേശുവിനുവേണ്ടിയുള്ള അന്വേഷണം ഗ്രീക്കുകാരെ എത്തിക്കുന്നത് പീലിപ്പോസിന്റെ പക്കലാണ്. പീലിപ്പോസ് ഈ വിവരം അന്ത്രയോസിനെ അറിയിക്കുന്നു (12:21–22). ഇവർ രണ്ടുപേരും യേശുവിന്റെ ആദ്യ നാല് ശിഷ്യരിൽപ്പെട്ടവരാണ് (1:35–46). ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം യഹൂദരായ പീലിപ്പോസും അന്ത്രയോസും യേശുവിനെ കണ്ടതിലൂടെയാണ് ശിഷ്യരായിതീരുന്നത് (1:39–46). അങ്ങനെയെങ്കിൽ ശിഷ്യത്വത്തിലേയ്ക്കുള്ള വിളിയിൽ 'കാണുക' എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ്. ഗ്രീക്കുകാർ യേശുവിനെ 'കാണാൻ' ആഗ്രഹിക്കുന്നതിലൂടെ അവരും യേശുവിന്റെ ശിഷ്യരായിത്തീരാൻ മുന്നോട്ടുവരുന്നു ആയതിനാൽ പീലിപ്പോസിന്റെയും അന്ത്രയോസിന്റെയും സാന്നിധ്യം യേശുവിന്റെ ശിഷ്യത്വത്തിലേയ്ക്കുള്ള ആദ്യയഹൂദരുടെ വിളിയും യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള ആദ്യ വിജാതീയരുടെ വരവും തമ്മിലുള്ള ബന്ധം കാണിക്കുന്നു.

2. യേശുവിനെ കാണാനുള്ള ഗ്രീക്കുകാരുടെ വരവ് തന്റെ മഹത്ത്വീകരണത്തിന്റെ സമയമായി യേശു പ്രഖ്യാപിക്കുന്നു (12:23). ദൈവം ഒരുക്കുന്ന രക്ഷാകരപദ്ധതിയിൽ വിജാതീയരും ഉൾപ്പെടുന്നു. തന്റെ 'ഉയർത്തപ്പെടലിലൂടെ' (സഹന-മരണ-ഉത്ഥാനം) യഹൂദരും വിജാതീയരുമായ സകല മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷ യേശു സാധ്യമാക്കുന്നു. ഇപ്പോൾ വിജാതീയരായ ഗ്രീക്കുകാർ യേശുവിനെ സമീപിക്കുന്നതോടെ തന്റെ ജീവൻ ബലിയർപ്പിക്കാൻ സമയമായിയെന്ന് യേശു പ്രഖ്യാപിക്കുന്നു. ഈ പ്രഖ്യാപനം നാലാം സുവിശേഷത്തിലെ യേശുവിന്റെ മരണത്തെക്കുറിച്ചുള്ള പ്രഥമ ബോധ്യപ്പെടുത്തലാകുന്നു (12:24–26). ഇതിന് ഉപോത്ബലമായി ആ കാലഘട്ടത്തിലെ ജനത്തിന്റെ ജീവിതഗന്ധിയായ വിത്ത് വിതയ്ക്കൽ (12:24- ഗോതമ്പുമണി) പ്രതീകമായി ചേർത്ത് യേശു തന്റെ മരണത്തെ വ്യാഖ്യാനിക്കുന്നു. കാർഷികവൃത്തിയെ സംബന്ധിക്കുന്ന

ഈ പ്രതീകം അർത്ഥമാക്കുന്നത് കേവലം ഒരു ധാന്യമണിയുടെ അഴുകലിൽ ഒരായിരം മണികൾ ഉയിർകൊള്ളുന്നതുപോലെ ഒരു ജീവന്റെ അർപ്പണം അനേകർക്ക് ജീവദായകമായി മാറുന്നുവെന്നാണ് (10:10). ബലിദാനത്തിന്റെ അകംപൊരുൾ തുടർന്നുള്ള വാക്യത്തിലും യേശു ഉദ്ധരിക്കുന്നു (12:25). സ്വജീവൻ കാത്ത് സൂക്ഷിക്കുന്നതിന് ഉപരിയാണ് ജീവൻ ബലി നല്കുന്നതിലൂടെ കൈവരുന്ന നിത്യജീവൻ. ജീവൻ ബലിയായി നല്കുന്ന യേശുവിന്റെ ശുശ്രൂഷയിലേയ്ക്കുള്ള വിളി സ്വീകരിക്കുന്നവർ ഇപ്രകാരം ജീവൻ അർപ്പിക്കാനും അതിലൂടെ യേശുവും പിതാവുമായി ഒന്നായിത്തീരാനും (നിത്യജീവൻ) യോഗ്യരായിത്തീരുന്നു (12:26).

3. ആത്മസമർപ്പണത്തിന്റെ സഹനം തന്റെ മരണത്തെ കേന്ദ്രീകരിക്കുന്ന 'മണിക്കൂർ' ആയി യേശു സൂചിപ്പിക്കുന്നു (12:27). ഈ ആത്മസമർപ്പണത്തിന്റെ മണിക്കൂറിൽ യേശു സഹനത്തെ മുഖാമുഖം കാണുന്നു. ഈ മരണവേദനയെ അതേപടി യേശു പിതാവിന്റെ മുമ്പിൽ കാഴ്ചവയ്ക്കുന്നു (12:28). പിതാവുമായുള്ള യേശുവിന്റെ അഗാധമായ ബന്ധത്തെ ഇത് കുറിക്കുന്നു. പിതാവിന്റെ നാമത്തെ മഹത്ത്വപ്പെടുത്തണമേ എന്ന് യേശു പ്രാർഥിക്കുമ്പോൾ 'അങ്ങയുടെ ഹിതം നിറവേറട്ടെ' (ലൂക്കാ 22:42) എന്നാണ് യേശു ആഗ്രഹിക്കുന്നത്. യേശു പിതാവിന്റെ ഹിതം നിറവേറ്റേണ്ടത് - പിതാവിന്റെ നാമത്തെ മഹത്ത്വപ്പെടുത്തുന്നത് - കുരിശുമരണത്തിലൂടെയാണ്. സ്വർഗത്തിൽനിന്ന് ആ സമയത്ത് ഉണ്ടായ സ്വരം യേശുവിന്റെ ആത്മസമർപ്പണത്തോടുള്ള പിതാവിന്റെ പ്രത്യുത്തരമാണ് (12:26b). പിതാവിന്റെ സ്വരം ജനക്കൂട്ടം തിരിച്ചറിയുന്നില്ലെങ്കിലും യേശു പിതാവിന്റെ സ്വരം ഗ്രഹിക്കുന്നു. ലോകശക്തികൾക്കുമേലുള്ള യേശുവിന്റെ സ്ഥാനം ഉറപ്പിക്കുന്നതാണ് അവിടുത്തെ കുരിശിലുള്ള 'ഉയർത്തപ്പെടൽ' (12:31). സകല മനുഷ്യരെയും മരണത്തിലൂടെ തന്നിലേയ്ക്ക് ആകർഷിക്കുകവഴി പിതാവിന്റെ രക്ഷാകരപദ്ധതി യേശു പൂർത്തിയാക്കുന്നു (12:31-33).

4. ജറെമിയാ പ്രവാചകൻ 31:31-34 -ൽ തനിമയാർന്ന പുതിയ ഉടമ്പടി വിഭാവനം ചെയ്യുന്നു. സീനായ് ഉടമ്പടിയെ മറികടക്കുന്ന ദൈവവും ജനവും തമ്മിലുള്ള ഒരു പുതിയ ഉടമ്പടിയാണിത്. ഈ ഉടമ്പടി ശാശ്വതവും നൂതനവുമായ ബന്ധത്തെ ഉന്നംവയ്ക്കുന്നു. ജനത്തിന്റെ ഹൃദയത്തിൽ ദൈവംതന്നെ ഈ ഉടമ്പടി ആലേഖനം ചെയ്യു

ന്നു. ആയതിനാൽ, പുതിയ ഉടമ്പടി അനുസരിക്കാൻ ഒരു പുതിയ സാധ്യതയും ശക്തിയും കൈവരുന്നു. പുതിയ ഉടമ്പടി ലംഘിക്കപ്പെടുകയില്ല എന്നതു മാത്രമല്ല അതിന്റെ പ്രത്യേകത, സർവോപരി, അത് ആന്തരികമാണ്. ഹൃദയത്തിലാണ് അത് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. കൽപ്പലകകളിലോ, പുസ്തകത്തിലോ, അല്ല. ആദ്യ ഉടമ്പടിയുടെ വ്യവസ്ഥകൾ പാലിക്കാൻ മനുഷ്യൻ പരാജയപ്പെട്ടു. അതിനാൽ അത് പുറംതള്ളപ്പെട്ടു (31:32). പുതിയ ഉടമ്പടി നിലനിൽക്കുന്നത് അതിന്റെ ആന്തരികമായ ആഭിമുഖ്യത്തിലാണ്. ഇത് ദൈവീക നിയമത്തിന്റെയും മാനുഷികാവബോധത്തിന്റെയും തികവാർന്ന ഒത്തുചേരലാണ്. ദൈവവും ജനവും തമ്മിലുള്ള പരിപൂർണ ഐക്യം, പാരസ്പരികത, അവിച്ഛിന്നമായ ബന്ധം ഇവിടെ കണ്ടെത്താൻ കഴിയുന്നു. ദൈവിക, മാനുഷിക താത്പര്യങ്ങളിലുള്ള സമരസപ്പെടൽ – "ഞാൻ അവരുടെ ദൈവവും, അവർ എന്റെ ജനവും" (31:32). ദൈവത്തെയും മനുഷ്യനെയും ഐക്യത്തിൽ എത്തിക്കുന്നു. മനസ്സ്, വികാരങ്ങൾ, ഹൃദയം എന്നീ തലങ്ങളെ സ്പർശിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന രീതിയിൽ രണ്ടു വ്യക്തികൾ ആഴമായി ബന്ധപ്പെടുകയും പരസ്പര അർപ്പണത്തിന്റെ തലത്തിലേയ്ക്ക് ആ ബന്ധത്തെ ഉയർത്തുകയും ചെയ്യുന്നതാണ് 31:34 ലെ 'അറിവ്.' ദൈവികനിയമം പുറമേനിന്ന് അടിച്ചേൽപിക്കാതെ, ഒരു പുതിയ സൃഷ്ടിയായും യുഗമായും ജനജീവിതം രൂപാന്തരപ്പെടും.

## സന്ദേശം

നാലാം സുവിശേഷകൻ യേശുവിന്റെ കുരിശിലെ ബലിദാനം സകല മനുഷ്യരുടെയും രക്ഷയ്ക്ക് – നിത്യജീവന് നിദാനമാകുന്നുവെന്ന് പ്രസ്താവിക്കുമ്പോൾ പുതിയ ഉടമ്പടിയുടെ പ്രവാചകനായ ജറെമിയ ദൈവവും മനുഷ്യനും തമ്മിലുള്ള പുതിയ ഉടമ്പടി സകല ജനത്തെയും പുതിയ സൃഷ്ടിയാക്കി മാറ്റുന്നുവെന്ന് വ്യക്തമാക്കുന്നു. യേശുവിന്റെ 'ഉയർത്തപ്പെടലിലൂടെയും' പുതിയ ഉടമ്പടിയിലൂടെയും മാനവരേവരും നവമായി രൂപാന്തരപ്പെടുന്നു. നാമോരോരുത്തരും ഈ പുതുയുഗത്തിലെ അംഗങ്ങളാണ്.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## അഴുകലിന്റെ പുണ്യം

ഗുരുവിനോട് ശിഷ്യൻ ചോദിച്ചു: അത്ഭുതപ്രവൃത്തികൾ കണ്ടിട്ട് മാന്ത്രികരെയും ദൈവമനുഷ്യനെയും എങ്ങനെയാണ് വേർതിരിച്ചറിയാൻ കഴിയുക? ഗുരു പറഞ്ഞു: മാന്ത്രികൻ കണ്ണിനു കൗതുകം നൽകുന്നവനാണ്. ദൈവമനുഷ്യരാവട്ടെ ഹൃദയത്തിനും. മാന്ത്രികൻ തന്റെ വാക്കുകളെ ചെപ്പടിവിദ്യകളിൽകൊണ്ടുവന്ന് അവസാനിപ്പിക്കുമ്പോൾ യഥാർത്ഥ ദൈവമനുഷ്യൻ തന്റെ പ്രവൃത്തികളിൽനിന്ന് ജീവിതം പഠിപ്പിക്കാൻ ആരംഭിക്കും. യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നിടത്ത് തന്റെ പ്രഥമശിഷ്യരെ രൂപീകരിക്കുമ്പോൾ ക്രിസ്തുവിനെ അനുഗമിക്കുന്ന ആദ്യവ്യക്തി അന്ത്രയോസും പിറ്റേദിവസം യേശു തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന ശിഷ്യനായി പീലിപ്പോസിനെയും കാണുന്നു (യോഹ 1:40–43). ആദ്യമായി ക്രിസ്തുവിനെ അനുഗമിക്കുന്നവൻ ഇസ്രായേലിന്റെ മോചനം കാത്തിരിക്കുന്നവരുടെ ഗണത്തിൽനിന്നാണ്. യോഹന്നാന്റെ വാക്കുകളിലും പ്രവൃത്തിയിലും ദൈവികപദ്ധതി തിരിച്ചറിഞ്ഞ് കൂടെനടക്കുന്നവനായ അന്ത്രയോസാണ് ക്രിസ്തുവിന്റെ വാസസ്ഥലം തേടിപോവുകയും അവനോടുകൂടെ ഒരു രാത്രി വസിക്കുകയും ചെയ്തത്. എന്നാൽ യേശുവിന്റെ പരസ്യജീവിതം അവസാനിക്കുന്നതിനു മുന്നോടിയായി ഗ്രീക്കുകാർ യേശുവിനെ തിരഞ്ഞെത്തുമ്പോൾ സുവിശേഷകൻ സർവലോകത്തിനുമുള്ള രക്ഷയായി ക്രിസ്തു വരുന്നു എന്ന് വ്യക്തമാക്കുകയാണ്. ഹെബ്രായർക്കുള്ള ലേഖനത്തിൽ സർവജനത്തിനുമുള്ള രക്ഷയുടെ ഉറവിടമായി (ഹെബ്ര 5:9) ക്രിസ്തു വെളിപ്പെടുത്തുകയായിരുന്നു.

യഹൂദജനതയുടെ രക്ഷയുടെ അടയാളമായിരുന്നു പെസഹായും ഉടമ്പടിയും. ഈജിപ്തിൽനിന്ന് കൂട്ടിക്കൊണ്ടുപോകുകയും കൽപ്പനകൾ നൽകി തന്റേതായി മാറ്റുകയും ചെയ്ത ജനം ഒരിക്കലും ദൈവികപദ്ധതിയിൽ ഉറച്ചുനിന്നില്ല. ദൈവത്തെ നിഷേധിച്ചും ദൈവപ്രമാണങ്ങളെ നിരാകരിച്ചും അവർ ദൈവത്തിൽനിന്ന് അകന്നുപോയി. പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിനുള്ളിൽ കാക്കുന്നതുപോലെ (മത്താ23:37) ദൈവം അവരെ പൊതിഞ്ഞുപിടിച്ചിട്ടും ഒരിക്കലും ആ സ്നേഹത്തിൽ നിലനിൽക്കാൻ അവർക്കായില്ല. അതുകൊണ്ടു തന്നെ ദൈവം സ്ഥാപിക്കാൻപോകുന്ന പുതിയ ഉടമ്പടിയുടെ നാളു

കളെപ്പറ്റി പ്രവാചകന്മാർ സ്വപ്നംകണ്ടു. കല്ലിൽ കൊത്തിയെടുത്ത കൽപ്പനകൾക്കുപകരം ഹൃദയഭിത്തിയിൽ ദൈവം തന്റെ നിയമം എഴുതുന്ന കാലത്തെ ജറെമിയ സ്വപ്നംകണ്ടു (ജറെ 31:31–33). എല്ലാവരും കർത്താവിനെ അറിയുന്ന കാലമാണ് പ്രവാചകൻ പ്രവചിച്ചത്. കാലപൂർണത ക്രിസ്തുവിലൂടെ സാധ്യമാവുകയാണ്. അവന്റെ സമയം ആഗതമായി. കർത്താവിന്റെ മുഖം തേടുന്ന കാലം (സങ്കീ 27:8).

സർവജനത്തിനുമുള്ള രക്ഷയായി കുരിശിൽ ബലിയാകാൻ തന്നെ വിട്ടുകൊടുക്കേണ്ട സമയമായി എന്നത് ക്രിസ്തുവിനെ അസ്വസ്ഥമാക്കുമ്പോഴും ദൈവനാമമഹത്ത്വത്തിനുവേണ്ടിയുള്ള വിട്ടുകൊടുക്കൽ സ്വർഗത്തിന്റെ അംഗീകാരമായി മാറുന്നു (യോഹ 12:28). മാമ്മോദീസയിലും രൂപാന്തരീകരണത്തിന്റെ മലയിലും നാം കേട്ട സ്വരത്തിന്റെ ആവർത്തനം. സീനായ് മലയുടെ താഴെ ഒത്തുകൂടിയ ജനത്തിനുണ്ടായ അതേ അനുഭവം ആവർത്തിക്കപ്പെടുന്നിടത്ത് പുതിയ (നിത്യസനാതന) ഉടമ്പടി അനുസ്മരിപ്പിക്കപ്പെടുന്നു.

മോശ മരുഭൂമിയിൽ ഉയർത്തിയ പിത്തളസർപ്പംപോലെ അവൻ ഉയർത്തപ്പെടുന്നത് പാപത്തിന്റെ ദംശനമേറ്റ സകലമനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടിയാണ്. ആദിമനുഷ്യന്റെ തെറ്റിന് പ്രതിവിധിയാകാൻ മനുഷ്യന്റെ ഒരു ബലിക്കും കഴിയാതിരുന്നതിനാൽ അവൻ സ്വയം ബലിയായിത്തീർന്നു. അവനിലേക്ക് തിരിയുന്ന സകലമനുഷ്യർക്കും രക്ഷയിൽ പങ്കുചേരാൻ കഴിയും.

ക്രിസ്തുനാഥന്റെ രക്തംകൊണ്ട് ഹൃദയഭിത്തിയിൽ പുതിയ ഉടമ്പടി എഴുതിവയ്ക്കപ്പെട്ടവരാണ് നമ്മൾ. കാലപൂർണ്ണതയിൽ ലോകത്തിനു കൈവന്ന രക്ഷയിൽ പങ്കുചേരുന്നവർ. ഈ ഉടമ്പടിയുടെ ധന്യതയിൽ നമുക്ക് ജീവിക്കാനാവണം. ക്രിസ്തുവാകുന്ന ഗോതമ്പുമണി ലോകത്തിന്റെ ജീവനുവേണ്ടി അഴുകി ഇല്ലാതായതുപോലെ അവനെ അനുഗമിക്കുന്ന ഓരോ വ്യക്തിയും ബലിയിലെ അപ്പമാകാൻ പൊടിഞ്ഞ് ഇല്ലാതാവണം. നിത്യതയുടെ സുകൃതവഴിയെ നടക്കുന്നവരാകണം. അഴുകി ഇല്ലാതാകുന്നതിന്റെ പുണ്യം സ്വന്തമാക്കാൻ കഴിയണം.

**ഫാ. ജോൺസൺ തൗണ്ടയിൽ**

## മാർച്ച് 28

# ഓശാനഞായർ

## പ്രസംഗം

### ഓശാന! ഞങ്ങളെ രക്ഷിക്കണേ!

'ഹോസിയാ- നാ' എന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം 'ഞങ്ങളെ രക്ഷിക്കണേ' (Save us, we pray) എന്നാണ്. ഹീബ്രുവാക്കിന്റെ സുറിയാനിമൊഴിമാറ്റമാണ് 'ഓശാന.' ഇന്ന് കൊറോണാ എന്ന മഹാമാരിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണേ എന്ന് നാം നിലവിളിക്കുന്നതുപോലെ അന്ന് യഹൂദജനതയുടെ ഹൃദയത്തിൽനിന്ന് ഉയർന്നു 'ഓശാന.' ജറുസലെം വീഥികൾ യേശുവിന്റെ വരവിൽ ശബ്ദമുഖരിതമായി. "ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം. ഉന്നതങ്ങളിൽ ഹോസാന" (മർക്കോ 11:9b-10). 'ഞങ്ങളെ രക്ഷിക്കണേ' എന്നുള്ള വെറും അപേക്ഷയ്ക്ക് ഉപരിയായി തങ്ങളെ രക്ഷിക്കാൻ വരുന്ന മിശിഹായ്ക്കുള്ള സ്തുതിയും സ്തോത്രവും ആരാധനയുമായി 'ഹോസാന' മാറി.

രക്ഷ, മോക്ഷം, വിമോചനം, ആത്മസാക്ഷാത്കാരം എന്നിവയ്ക്കുവേണ്ടിയുള്ള ദാഹം, ഉൾവിളി മനുഷ്യന് എക്കാലവും ഉണ്ടായിരുന്നു. ഈ ദാഹം അണപൊട്ടിയൊഴുകിയതായിരുന്നു ജറുസലെം വീഥികളിലെ 'ഓശാന' വിളികൾ. പലരിലും ആശ്രയിച്ച് നിരാശപ്പെട്ട തങ്ങൾക്ക് വീണുകിട്ടിയ പ്രത്യാശയുടെ തുരുത്തായിരുന്നു 'യേശു' എന്ന വിമോചകൻ. വെള്ളത്തെ വീഞ്ഞാക്കുന്നവൻ, അപ്പം വർധിപ്പിക്കുന്നവൻ, രോഗികളെ തൊട്ട് സൗഖ്യപ്പെടുത്തുന്നവൻ, മരിച്ചവരെ ഉയിർപ്പിക്കുന്നവൻ, ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിച്ചവൻ, ദരിദ്രരോടും പാപികളോടും പക്ഷംചേരുന്നവൻ, കർത്താവിന് സ്വീകാര്യമായ ഒരു യുഗപ്പിറവി വാഗ്ദാനം ചെയ്തവൻ... രക്ഷയെപ്പറ്റിയുള്ള തങ്ങളുടെ സങ്കൽപ്പങ്ങൾക്കും സ്വപ്നങ്ങൾക്കും ചിറകുനൽകിയ ഒരു മിശിഹാ. ഇതാണ് ജറുസലെമിൽ പെരുനാളിന് തടിച്ചുകൂടിയ ജനങ്ങൾ യേശുവിൽ കണ്ടത്. യേശു അവരെ നിരാശപ്പെടുത്തുന്നില്ല. അവരുടെ ആർപ്പുവിളികൾക്കും ഓശാനവിളികൾക്കും രാജകീയവരവേൽപ്പി

നുമൊക്കെ യേശു തന്നെത്തന്നെ വിട്ടുകൊടുക്കുന്നു. എന്തുകൊണ്ട്? പരസ്യജീവിതകാലത്ത് ഒരിക്കൽപ്പോലും ഇതുപോലൊരു സ്വീകരണം ഏറ്റുവാങ്ങാൻ യേശു നിന്നുകൊടുത്തിട്ടില്ല. അങ്ങനെയുള്ള അവസരങ്ങളിലെല്ലാം അവൻ മലമുകളിലേക്കും വിജനപ്രദേശങ്ങളിലേക്കും പിൻവാങ്ങുകയാണ് ചെയ്തിട്ടുള്ളത്. "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലെം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കുവരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു" (സഖ 9:9). മിശിഹായ്ക്ക് വേണ്ടിയുള്ള, രക്ഷകന് വേണ്ടിയുള്ള, രക്ഷയ്ക്കുവേണ്ടിയുള്ള ജനങ്ങളുടെ അടിച്ചമർത്തപ്പെട്ട പ്രതീക്ഷയുടെ പ്രവാഹം തുറന്നുവിടുന്നതിന് യേശു തന്നെത്തന്നെ വിട്ടുകൊടുക്കുകയാണ്. "അവൻ ജറുസലെമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി" (മത്താ 21:10a). യേശുവാകട്ടെ, നഗരം ഇളക്കിമറിച്ച ഈ പ്രകടനത്തിലൂടെ തന്റെ 'മെസ്സയാനിക് മിഷന്റെ' സ്വഭാവം ഒരിക്കൽക്കൂടി അടയാളങ്ങളിലൂടെ വെളിപ്പെടുത്തുന്നതിന് നല്ലൊരവസരമായി ഇതിനെ മാറ്റുന്നു. എങ്ങനെയുള്ള മിശിഹാ, എന്താണ് ഈ മിശിഹാ സ്ഥാപിക്കാൻപോകുന്ന 'ദാവീദിന്റെ സമാഗതമാകുന്ന രാജ്യം' (മർക്കോ 11: 10) എന്നിങ്ങനെയുള്ള കാര്യങ്ങൾ യേശു പ്രസംഗത്തിലൂടെയല്ല, തന്റെ രാജകീയ ജറുസലെംപ്രവേശനത്തിൽ അടങ്ങിയിരിക്കുന്ന അടയാളങ്ങളിലൂടെ വെളിപ്പെടുത്തുകയാണ്.

'ദാവീദിന്റെ സമാഗതമായിരിക്കുന്ന രാജ്യ'ത്തിന്റെ സ്വഭാവമെന്താണെന്ന് യേശു തന്റെ പരസ്യജീവിതത്തിലുടനീളം അരുളപ്പാടുകളിലൂടെയും അടയാളങ്ങളിലൂടെയും വെളിപ്പെടുത്തുന്നുണ്ട്. പക്ഷേ, അപ്പം തിന്നുവയറുനിറയുന്ന ഒരു രാജ്യത്തിനപ്പുറത്തേക്ക് അതിനെ മനസ്സിലാക്കാൻ ജനങ്ങൾക്കു കഴിഞ്ഞില്ല. അവരിൽത്തന്നെയുള്ള ദൈവരാജ്യത്തെ തൊട്ടുണർത്താൻ, പുനസ്ഥാപിക്കാൻ യേശു പരസ്യജീവിതത്തിലുടനീളം പരിശ്രമിച്ചു (ലൂക്കാ 17:21). പക്ഷേ 'ദാവീദിന്റെ സമാഗതമാകുന്ന രാജ്യം' അവിടെയും ഇവിടെയുമൊക്കെ അന്വേഷിച്ച് അവർ നടക്കുന്നു. ഈ സാഹചര്യത്തിലാണ് യേശു 'കുരിശിലെ മിശിഹാ'യുടെ അടയാളങ്ങൾ അവശേഷിപ്പിച്ച് ജറുസലെം വീഥികളിലൂടെ കടന്നുപോയത്. കുരിശിലെ 'ഓശാന' ദൗത്യത്തിന്റെ (രക്ഷാകരദൗത്യത്തിന്റെ) അടയാളങ്ങളാണ് യേശു തന്റെ ജറുസലെം പ്രവേശനത്തിലൂടെ വീണ്ടും വെളിപ്പെടുത്തിയത്.

**എന്തൊക്കെയാണ് ഈ അടയാളങ്ങൾ?**

ആരും കയറിയിട്ടില്ലാത്ത രക്ഷയുടെ ഗാഗുൽത്തായാണ് യേശു വാകുന്ന ഈ മിശിഹാ, രാജാവ്, രക്ഷകൻ കയറാൻ പോകുന്നത്. കഴുതയോളം നിന്ദ്യമായ കുരിശ് ലോകാന്ത്യത്തോളം നീളുന്ന രക്ഷ യുടെ ജറുസലെം വീഥികളിൽ സ്തുതിപ്പിന്റെ (ഹോസാനയുടെ) ഏറ്റവും വലിയ അടയാളമായി മാറുന്നു. പരാജയത്തിന്റെ ചിഹ്നമാ യിരുന്ന കുരിശ് വിജയം തളിർക്കുന്ന കുരുത്തോലയായി മാറുന്നു. ദൈവാലയത്തിലേക്ക് നുഴഞ്ഞുകയറുന്ന ഭൗതികതയുടെ ക്രയവി ക്രയങ്ങളെല്ലാം യേശു തട്ടിമറിച്ചിടുകയാണ്. ഭൗതികതയിൽ കെട്ടി പ്പൊക്കുന്ന സൗധങ്ങളിലാണ് മനുഷ്യന്റെ ആത്യന്തികവിമോചന മെന്ന വിശ്വാസം കല്ലിന്മേൽ കല്ലുശേഷിക്കാതെ തകരുമെന്ന് യേശു പ്രവചിക്കുന്നു. തകർന്നടിയുന്ന ഭൗതികവിമോചനത്തിന്റെ ആലയ ങ്ങളുടെ സ്ഥാനത്താണ് സമഗ്രവിമോചനത്തിന്റെ മിശിഹാ ഉയിർ ത്തെഴുന്നേൽക്കുന്നത്.

ചുരുക്കത്തിൽ മിശിഹായെപ്പറ്റിയുള്ള പൊതുബോധം തിരുത്തി ക്കുറിക്കാനുള്ള യേശുവിന്റെ ഒരു അവസാന പരിശ്രമമാണ് ജറു സലെം പ്രവേശനവും അതിൽ അടങ്ങിയിരിക്കുന്ന അടയാളങ്ങളും. യേശുവിന്റെ ഈ പരിശ്രമവും വൃഥാവിലായിരിക്കുന്നുവെന്ന് തുടർ ന്നുവരുന്ന ദിവസങ്ങളിൽ 'ഓശാന' വിളിച്ചതിലൂടെ നാം മനസ്സിലാ ക്കുന്നു. അപ്പോഴും യേശു വ്യക്തമാക്കുന്നു: 'എന്റെ രാജ്യം ഐഹി കമല്ല' എന്ന്, 'നീ യഹൂദരുടെ രാജാവാണോ' എന്ന പീലാത്തോ സിന്റെ ചോദ്യത്തിനുള്ള മറുപടിയിൽ (യോഹ 18:34-36). ഭൗതിക തയിലൂന്നിയ വിമോചനത്തിന്റെ മിശിഹായെ യേശു ഇപ്രകാരം കഴു തയിലേറ്റി കഴുവിലേറ്റുന്നു. യേശുവിലൂടെ രാഷ്ട്രീയസാമ്പത്തിക വിമോചനം നേടിയാൽ എല്ലാമായി എന്ന യഹൂദരുടെ അന്ധമായ വിശ്വാസങ്ങളെയാണ് യേശു കഴുതപ്പുറത്തുകയറ്റി കുരിശിൽ തറ യ്ക്കുന്നത്. ജനങ്ങളുടെ പ്രതീക്ഷയിലെ ഭൗതിക വിമോചനത്തിലെ മിശിഹായുടെ സ്ഥാനത്താണ് ദൈവരാജ്യത്തിന്റെ പുതിയ മിശിഹാ കുരിശിലൂടെ ഉയിർത്തെഴുന്നേൽക്കുന്നത്.

മനുഷ്യന്റെ ആത്യന്തികമായ വിമോചനം ഭൗതികതയുടെ സമൃ ദ്ധിയിലല്ല ഒരുവനിലെ ദൈവരാജ്യത്തിന്റെ സമൃദ്ധിയിലാണെന്ന് കൊറോണാക്കാലം ഒരിക്കൽക്കൂടി തെളിയിച്ചു. ദൈവരാജ്യത്തിന്റെ സമൃദ്ധി എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ ഓശാനയുടെ

ആർപ്പുവിളികൾ, വിജയത്തിന്റെ കുരുത്തോലകൾ, സമാധാനത്തിന്റെ ഒലിവിൻകൊമ്പുകൾ ഉയരുന്നതായി നാം കണ്ടു. പരസ്പരസ്നേഹത്തിന്റെ, കരുതലിന്റെ, പങ്കുവയ്ക്കലിന്റെ, പ്രോത്സാഹനത്തിന്റെ, ധൈര്യപ്പെടുത്തലിന്റെ, ചേർത്തുനിർത്തലിന്റെ, പൊറുക്കലിന്റെ, സൗഖ്യപ്പെടുത്തലിന്റെ, ആത്മസമർപ്പണത്തിന്റെ എത്രയെത്ര മിശിഹാമാരാണ് ഇക്കാലത്ത് കഴുതപ്പുറത്തേറി നമ്മെത്തേടിയെത്തിയത്. ഭൗതികതയുടെ കണ്ണിലൂടെ നോക്കുമ്പോൾ അവരുടെ ഈ പ്രവൃത്തികളൊക്കെയും കഴുതക്കുട്ടിമേലുള്ള നിസ്സാര വിഹാരം മാത്രമാണ്. എന്നിട്ടും നമ്മളവർക്ക് 'ഓശാന' പാടി. നമുക്ക് 'ഓശാന' പാടാതിരിക്കാൻ കഴിയില്ല. കാരണം നമ്മൾ മൗനം ഭജിച്ചാൽ ഇവിടെയുള്ള കല്ലുകൾ ആർത്തുവിളിക്കും. ദൈവരാജ്യത്തിന്റെ പ്രകടമായ അടയാളങ്ങൾ കാണുമ്പോൾ നമ്മിൽ ദൈവരാജ്യത്തിന്റെ ഒരു കണികയെങ്കിലും ഉണ്ടെങ്കിൽ അത് ഉയിർത്തെഴുന്നേറ്റ് 'ഓശാന' പാടും. കൊറോണാക്കാലത്ത് നാം ശാരീരികമായി അകലം പാലിച്ചെങ്കിലും യേശു കഴുതയിലേറി, കുരിശിലേറി ലോകത്തോട് വിളംബരം ചെയ്ത അതേ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും അടുപ്പിച്ചു. ഭൗതികതയിലടിസ്ഥാനമിട്ട രാജ്യങ്ങളുടെ അതിർത്തികളടച്ചപ്പോൾ ദൈവരാജ്യത്തിലടിത്തറയിട്ട ഹൃദയങ്ങൾ തുറന്നു. ഇതെല്ലാം കാണിക്കുന്നത് ലോകത്തിന് ഇന്നും എന്നും പ്രധാനമായി വേണ്ടത് ഭൗതിക വിമോചനം (materialistic liberation) സാധ്യമാക്കാൻ കഴിവുള്ള, അധികാരത്തിന്റെ കുതിരപ്പുറത്തേറിവരുന്ന രക്ഷകനെയല്ല, രാജാവിനെയല്ല. പിന്നെയോ, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കുവേണ്ടി കഴുതപ്പുറത്തേറാനും എന്തിന് കുരിശിലേറാൻപോലും സന്നദ്ധരായിട്ടുള്ള രക്ഷകരെയാണ്.


വെറും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയവിമോചനമായിരുന്നു ദൈവപുത്രനായ യേശുവിന്റെ രക്ഷാകരദൗത്യമെങ്കിൽ, തനിക്ക് ഓശാന പാടിയ ജനസഹസ്രങ്ങളുടെ ആഗ്രഹത്തിന് നിന്നുകൊടുത്ത് യേശുവിന് രാജാവാകാമായിരുന്നു. ഭൗതികതയുടെ ക്രയവിക്രയങ്ങളും നാണയമാറ്റങ്ങളും യേശു തട്ടിത്തെറിപ്പിക്കുകയാണ് ചെയ്തത്. യേശു നടത്തിയ രോഗശാന്തികളും അപ്പം വർധിപ്പിക്കലുകളുമെല്ലാം ഭൗതികസമൃദ്ധിയെ മഹത്ത്വവൽക്കരിക്കുന്ന ആഘോഷമായിരുന്നില്ല. ഇവിടെയാണ് കുതിരപ്പുറത്തേറിവരുന്ന ഭൗതികവിമോചകരിൽനിന്ന് ദൈവപുത്രനായ യേശുവെന്ന വിമോചൻ, രക്ഷ

കൻ, രാജാവ് വ്യത്യസ്തനാകുന്നത്. സുവിശേഷഭാഗ്യങ്ങളിൽ കാണുന്ന ആത്മാവിൽ ദരിദ്രരും വിലപിക്കുന്നവരും ശാന്തശീലരും നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും കരുണയുള്ളവരും ഹൃദയശുദ്ധിയുള്ളവരും സമാധാനം സ്ഥാപിക്കുന്നവരും നീതിക്കുവേണ്ടി പീഡനമേൽക്കുന്നവരും ഭാഗ്യവാന്മാരും ഭാഗ്യവതികളുമാകുന്നത് ഈ രാജാവിന്റെ ദൈവരാജ്യത്തിലാണ്. ഈ രാജാവ് പാവങ്ങളോടും പാപികളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പതിതരോടും പക്ഷംചേരുന്നത് ഭൗതികസാമ്രാജ്യം കെട്ടിപ്പൊക്കാനല്ല. അവയൊക്കെയും ദൈവരാജ്യത്തിന്റെ നിത്യമായ സമാധാനത്തിന്റെയും ശാന്തിയുടെയും സ്നേഹത്തിന്റെയും കരുണയുടെയും ബഹിർസ്ഫുരണങ്ങളാണ്. ദൈവരാജ്യത്തിന്റെ സമൃദ്ധിയിൽ നിന്ന് ഭൗതികരാജ്യത്തിന്റെ സമൃദ്ധിയിലേക്കാണ് ആ ദിശ ചലിക്കേണ്ടത്. അല്ലാതെ തിരിച്ചല്ല. തിരിച്ചായാൽ, ഭൗതികസമൃദ്ധിയിൽ മാത്രം കേന്ദ്രീകരിച്ചാൽ, അങ്ങനെയുള്ള വിമോചനത്തിന്, പാശ്ചാത്യരാജ്യങ്ങളിൽ സംഭവിച്ചതുപോലെ, ദിശതെറ്റിപ്പോകും.

ദൈവപുത്രനായ യേശു തന്റെ ജീവിതത്തിലൂടെയും വചനത്തിലൂടെയും വെളിപ്പെടുത്തിയ ഈ ദൈവരാജ്യത്തിന്റെ അടയാളങ്ങൾ ഇന്നിന്റെ ജീവിക്കുന്ന അടയാളങ്ങളായി മാറ്റുകയാണ് ഓരോ ക്രിസ്ത്യാനിയുടെയും മിഷൻ, ജീവിതലക്ഷ്യം, ജീവിതസാഫല്യം. ദൈവരാജ്യത്തിന്റെ മൂല്യങ്ങളിൽ ജീവിക്കുന്ന, അതിൽ ജീവിതസാഫല്യം കണ്ടെത്തുന്ന ക്രൈസ്തവകുടുംബങ്ങളിലൂടെയാണ് ഇത് സാധ്യമാകേണ്ടത്. രാഷ്ട്രീയപാർട്ടികളുടെ ഒരു സ്റ്റഡിക്ലാസ്സിനും സയൻസിന്റെ ലാബിനും പുതിയതലമുറയ്ക്ക് ഇത് പകർന്നുകൊടുക്കാൻ കഴിയുകയില്ല. ക്രയവിക്രയങ്ങളുടെയും നാണയമാറ്റങ്ങളുടേതുമായ ലോകത്തിൽ ദൈവരാജ്യത്തിനും അത് പ്രദാനം ചെയ്യു ന്ന ആത്യന്തികമായ രക്ഷയ്ക്കും സമഗ്രവിമോചനത്തിനും സ്ഥാനമില്ല. ഭൗതിക വിമോചനത്തിന്റെ ഓശാനകൾ മാത്രമേ അവർക്ക് അറിയുകയുള്ളൂ. യേശുവാകട്ടെ കഴുതയിൽ നിന്ന് കാൽവരിയിലേ ക്കും കുരുത്തോലയിൽനിന്ന് കുരിശിലേക്കും ദേഹത്തിന്റെ ആലയത്തിൽ നിന്നും ദേഹിയുടെ ആലയത്തിലേക്കുമുള്ള ദൂരം കുറച്ചു. ഈ ദൂരത്തിനിടയിൽ നമ്മുടെ 'ഓശാന' സ്തുതിപ്പുകൾ 'അവനെ ക്രൂശിക്കുക' എന്ന ആക്രോശമാകാതിരിക്കട്ടെ.

**ഡോ. ജോർജ് അയ്യനേത്ത് OIC**

Date of Publication: 13 February 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 98)




*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*